(ബി) 1996-97, 1997-98, 1998-99 വർഷങ്ങളിലെ ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്ന തുക യഥാക്രമം 250.00 കോടി, 418.55 കോടി, 614.25 കോടി രൂപയും, ലഭിച്ച വരുമാനം യഥാക്രമം 399,56,28,258,-537,36,40,798-524,72,54,833 രൂപയും ആയിരുന്നു.

(സി) 675.06 കോടി രൂപ

(ഡി) 2000 ഫെബ്രുവരി ഒന്നുവരെ 470,89,98,899 രൂപ ലഭിച്ചു.

എക്സൈസ് നയം

64 (1887)ശ്രീ. വി. ബാലറാം :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് എക്സൈസ് നയം പ്രഖാപിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പുതിയ എക്സൈസ് നയം പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് നിലവിലുള്ള ബാറുകളുടെ സ്ഥലം മാറ്റാനുള്ള നിയന്ത്രണം ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമല്ല.

(സി) 28.2.2000-ലെ ഗവ.ഉത്തരവ് (എം.എസ്.)23,2000/റ്റിഡി പ്രകാരം 1999-2000-ലെ അബ്കാരിനയം തന്നെയാണ് 2000-2001 വർഷത്തിലും ഒരു മാറ്റവും കൂടാതെ നടപ്പിലാക്കുന്നത്.

(ഡി) ഉദ്ദേശിക്കുന്നില്ല.

കർണ്ണാടകത്തിൽ നിന്നുള്ള ചാരായ കള്ളക്കടത്ത്

65 (1888)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയും കർണ്ണാടക സംസ്ഥാനവും തമ്മിൽ ബന്ധിപ്പിക്കുന്ന ബൈരക്കുപ്പ് വഴി കർണ്ണാടക സംസ്ഥാനത്തിൽനിന്നും പ്രതിവർഷം കോടിക്കണക്കിന് രൂപയുടെ പാക്കറ്റ് ചാരായം കേരളത്തിന്റെ പല ഭാഗങ്ങളിലേയ്ക്കും കടത്തുന്നതായിട്ടുള്ള ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശത്തുകൂടി കടത്തിക്കൊണ്ടുപോകുന്ന എത്ര പായ്ക്കറ്റ് ചാരായം ബന്ധപ്പെട്ട അധികൃതർ പിടിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സംഭവങ്ങളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly